**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 565** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഏജൻസികൾക്ക് ലോട്ടറി വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി ഓഫീസുകളിൽ നിന്നും ഏജന്റുമാർക്ക് ലോട്ടറി ടിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | ഓരോ ഓഫീസിലേക്കും ലഭിക്കുന്ന ടിക്കറ്റുകൾ ആ ഓഫീസിലെത്തുന്ന ഏജന്റുമാരുടെ അപേക്ഷയുടെ സീനിയോറിറ്റി, ഏജൻസി സീനിയോറിറ്റി, ടിക്കറ്റെടുക്കുന്നതിലെ സ്ഥിരത, ഓഫീസിലെ ടിക്കറ്റ് ലഭ്യത എന്നിവ പരിഗണിച്ചാണ് ക്വാട്ടയായി അനുവദിച്ച് നൽകുന്നത്. പുതുതായി ഏജൻസി എടുക്കുന്ന ഏജന്റുമാർക്ക് ഓഫീസിലെ ടിക്കറ്റ് ലഭ്യത പരിഗണിച്ച് പരമാവധി 300 ടിക്കറ്റുകൾ വരെ അനുവദിക്കുന്നുണ്ട്. 30 ദിവസം തുടർച്ചയായി 300 ടിക്കറ്റുകൾ എടുക്കുന്ന ഏജന്റുമാർക്ക് 900 ടിക്കറ്റുകൾ വരെയും, 900 ടിക്കറ്റുകൾ വരെ തുടർച്ചയായി എടുക്കുന്നവർക്ക് അടുത്ത മാസം മുതൽ 2700 ടിക്കറ്റുകൾ വരെയും, ടിക്കറ്റിന്റെ ലഭ്യതക്കനുസരിച്ച് വർധിപ്പിച്ച് നൽകുന്നുണ്ട്. 2700 ടിക്കറ്റുകൾ തുടർച്ചയായി ഒരു മാസം എടുക്കുന്നവർക്ക് തുടർന്നുള്ള മാസങ്ങളിൽ ടിക്കറ്റിന്റെ ലഭ്യതയനുസരിച്ച് ഓരോ മാസവും 20% ടിക്കറ്റുകൾ വരെ വർധിപ്പിച്ചു നൽകുന്നുണ്ട്. 6 മാസത്തിന് ശേഷം ഓഫീസിലെ ടിക്കറ്റിന്റെ ലഭ്യതക്കനുസരിച്ച് പുതിയ സ്ലാബിലേക്ക് മാറാവുന്നതുമാണ്; |
| (ബി) | കേരള ഭാഗ്യക്കുറിക്ക് നിലവിൽ എത്ര ഏജന്റുമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഭാഗ്യക്കുറി വകുപ്പിൽ 14 ജില്ലാ ഓഫീസിലും കൂടി ആകെ 37,438 ആക്ടീവ് രജിസ്ട്രേഡ് ഏജന്റുമാരാണ് നിലവിലുള്ളത്; |
| (സി) | സാധാരണക്കാരായ ചെറുകിട ഏജന്റുമാർക്കും പുതുതായി ഏജൻസി എടുത്തവർക്കും വില്പനയ്ക്കായി ലോട്ടറി ടിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പുതുതായി ഏജൻസി എടുക്കുന്നവർക്കും ചെറുകിട വില്പനക്കാർക്കും പ്രതിവാര ഭാഗ്യക്കുറികൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർധിപ്പിക്കേണ്ടതും സമ്മാന ഘടന പരിഷ്കരിക്കേണ്ടതുമുണ്ട്. ടിക്കറ്റ് സീരീസ് വർധിപ്പിക്കുന്നതിന് നിലവിലെ നറുക്കെടുപ്പ് മെഷീൻ അപര്യാപ്തമായതിനാൽ പുതിയ നറുക്കെടുപ്പ് മെഷീൻ വാങ്ങുന്നത് സജീവ പരിഗണനയിലുണ്ട്. കൂടുതൽ |

| | | | |
|---|---|---|---|
| | | | സീരീസുകൾ ഉൾപ്പെടുത്താൻ സാധിക്കുന്ന നറുക്കെടുപ്പ് മെഷിൻ ലഭ്യമാകുന്നതോടുകൂടി കൂടുതൽ ടിക്കറ്റുകൾ അച്ചടിച്ച് ടിക്കറ്റ് ലഭ്യത വർധിപ്പിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ